LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷം കെ.എസ്.ബി.സി. വഴി 240.81 ലക്ഷം കെയ്സ് വിദേശമദ്യവും 107.96 ലക്ഷം കെയ്സ് ബിയറും വിറ്റഴിച്ചിട്ടുണ്ട്. വിദേശമദ്യവും ബിയറും വിറ്റതുവഴി ഖജനാവിലേക്ക് 2013-14-ൽ ലഭിച്ച തുക 7575.77 കോടി രൂപയാണ്.

(ബി) 2013 ഏപ്രിൽ മുതൽ നവംബർ 30 വരെ 160.13 ലക്ഷം കെയ്സ് വിദേശ മദ്യവും 66.70 ലക്ഷം കെയ്സ് ബിയറും വിറ്റഴിച്ചിട്ടുണ്ട്. ആയതിൽ നിന്നും പ്രസ്തുത കാലയളവിൽ സർക്കാരിന് ലഭിച്ച വരുമാനം 4954 കോടി രൂപയാണ്.

(സി) 2014 ഏപ്രിൽ മുതൽ നവംബർ 30 വരെ 148.89 ലക്ഷം കെയ്സ് വിദേശമദ്യവും 56.89 ലക്ഷം കെയ്സ് ബിയറും ബിവറേജസ് കോർപ്പറേഷൻവഴി വിറ്റഴിച്ചിട്ടുണ്ട്. ഈ കാലയളവിൽ ഗവൺമെന്റിന് ലഭിച്ച വരുമാനം 5258.53 കോടി രൂപയാണ്.

വ്യാജമദ്യ നിർമ്മാണവും വിപണനവും

127 (1995) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെ ഉല്പാദനവും, വിപണനവും തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു. വിശദാംശം ലഭ്യമാക്കാമോ ;

(ബി) സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെ ഉല്പാദനവും, വിപണനവും തടയുന്നതിനായി സ്വീകരിച്ച നടപടികൾ കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ ;

(സി) 1-7-2012 മുതൽ 31-10-2014 വരെ വ്യാജമദ്യ വിപണനവും, നിർമ്മാണവും സംബന്ധിച്ച് എത്ര കേസുകൾ സർക്കാർ രജിസ്റ്റർ ചെയ്തു ; ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ ;

(ഡി) 1-7-2011 മുതൽ 31-10-2014 വരെ എത്ര അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്തു. ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ ;

(ഇ) അയൽ സംസ്ഥാനത്ത് നിന്ന് അതിർ ഗ്രാമങ്ങളിലെ ഊടുവഴികൾ മുഖേന സ്പിരിറ്റ് കടത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ ; അതു തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു. വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എല്ലാ എക്സൈസ് ഡിവിഷനുകളിലും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തിവരുന്നു. എല്ലാ ജില്ലകളിലും രാത്രികാല വാഹന പരിശോധന നടത്തുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി സ്പെക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലേയ്ക്ക് സ്പിരിറ്റുൾപ്പെടെയുള്ള വ്യാജങ്ങൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും കടത്തിക്കൊണ്ട് വരാനുള്ള സാധ്യതകൾ മുന്നിൽകണ്ട് എല്ലാ ചെക്ക് പോസ്റ്റുകളിലും പരിശോധന ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെറുവാഹനങ്ങളും ആഡംബര കാറുകളും ഉൾപ്പെടെ എല്ലാ വാഹനങ്ങളും പരിശോധിക്കുകയും ചെയ്യുന്നു. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും മദ്യം കടത്തുന്നത് സംബന്ധിച്ച ഇന്റലിജൻസ് വിവരങ്ങൾ ശേഖരിച്ച് അതിന്മേൽ നടപടി എടുത്തുവരുന്നു. എക്സൈസ് ഷാഡോ സംവിധാനം ഉപയോഗിച്ച് വ്യാജമദ്യത്തിന്റെ ഉല്പാദനവും വിതരണവും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നടപടി സ്വീകരിച്ചുവരുന്നു. താലൂക്ക് തലങ്ങളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ജനകീയ കമ്മിറ്റികൾ യഥാസമയം കൂടി പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളിന്മേലും നടപടി സ്വീകരിച്ചുവരുന്നു. ലൈസൻസ് സ്ഥാപനങ്ങൾ അടച്ചു പൂട്ടിയ സാഹചര്യത്തിൽ 'റെഡ് അലർട്ട്' പ്രഖ്യാപിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 3314 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ജില്ല	കേസുകളുടെ എണ്ണം
തിരുവനന്തപുരം	232
കൊല്ലം	150
പത്തനംതിട്ട	462
ആലപ്പുഴ	254
കോട്ടയം	29
ഇടുക്കി	68

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം	53
തൃശ്ശൂർ	24
പാലക്കാട്	540
കോഴിക്കോട്	503
മലപ്പുറം	89
വയനാട്	152
കണ്ണൂർ	295
കാസർഗോഡ്	463
ആകെ	3314

(ഡി) 41914 കേസ്സുകൾ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ജില്ല	കേസുകളുടെ എണ്ണം
തിരുവനന്തപുരം	2990
കൊല്ലം	4438
പത്തനംതിട്ട	2716
ആലപ്പുഴ	3808
കോട്ടയം	2788
ഇടുക്കി	1697
എറണാകുളം	4437
തൃശ്ശൂർ	3449
പാലക്കാട്	3309
കോഴിക്കോട്	2871
മലപ്പുറം	3309
വയനാട്	1581
കണ്ണൂർ	3104
കാസർഗോഡ്	1417
ആകെ	41914

(ഇ) കേരളത്തിലേക്ക് സ്പിരിറ്റുൾപ്പെടെയുള്ള വ്യാജങ്ങൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും കടത്തി കൊണ്ടുവരാനുള്ള സാധ്യതകൾ മുന്നിൽ കണ്ട് എല്ലാ ചെക്ക്പോസ്റ്റുകളിലും പരിശോധന ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെറുവാഹനങ്ങളും ആഡംബര കാറുകളും ഉൾപ്പെടെ എല്ലാ വാഹനങ്ങളും പരിശോധിക്കുകയും ചെയ്യുന്നു. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും മദ്യം കടത്തുന്നത് സംബന്ധിച്ച ഇന്റലിജൻസ് വിവരങ്ങൾ ശേഖരിച്ച് അതിന്മേൽ നടപടി എടുത്തുവരുന്നു. എക്സൈസ് ഷാഡോ സംവിധാനം ഉപയോഗിച്ച് വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നടപടി സ്വീകരിച്ച് വരുന്നു. താലൂക്ക് തലങ്ങളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ജനകീയ കമ്മിറ്റികൾ യഥാസമയം കൂടി പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളിന്മേലും നടപടി സ്വീകരിച്ചു വരുന്നു. ലൈസൻസ് സ്ഥാപനങ്ങൾ അടച്ചു പൂട്ടിയ സാഹചര്യത്തിൽ 'റെഡ് അലർട്ട് ' പ്രഖ്യാപിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്.

അനധികൃതമായി മദ്യം വിളമ്പിയ ക്ലബ്ബുകൾക്കെതിരെ സ്വീകരിച്ച നടപടികൾ

128 (1997) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബാർ ഹോട്ടലുകളും സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിദേശമദ്യ ചില്ലറ വില്പനശാലകളും ഘട്ടംഘട്ടമായി അടച്ചുപൂട്ടാൻ തീരുമാനമെടുത്തത് എന്നാണ് ; ഇത്തരത്തിൽ ഒരു തീരുമാനം കൈക്കൊള്ളാൻ ഇടയാക്കിയ അടിയന്തര സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ എത്ര ക്ലബ്ബുകൾക്കാണ് മദ്യം വിളമ്പുന്നതിന് സർക്കാർ ലൈസൻസ് നൽകിയിട്ടുള്ളത് ; അവ ഏതൊക്കെ ; ലൈസൻസ് ഫീസിനത്തിൽ എന്ത് തുകയാണ് ഇവരിൽനിന്നും വർഷം തോറും ഈടാക്കുന്നത് ; ബാർ ഹോട്ടലുകൾക്ക് ലൈസൻസ് ഫീ എത്രയാണ് ;

(സി) പുതിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ മദ്യ ഉപഭോഗം കുറയ്ക്കാൻ എത്ര ക്ലബ്ബുകളുടെ ലൈസൻസുകൾ റദ്ദാക്കിയിട്ടുണ്ട് ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ :

(ഡി) അനധികൃതമായി മദ്യം വിളമ്പിയ എത്ര ക്ലബ്ബുകൾക്കെതിരെ ഈ വർഷം കേസെടുത്തിട്ടുണ്ട് ; അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly